# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:5533 06.07.2012 - ൽ മറുപടിക്ക്

## പെരുമ്പാവൂർ കുന്നക്കാട്ടുമല നിവാസികളുടെ പരാതി

| ചോദ്യം<br>ശ്രീ. സാജു പോൾ | | മറുപടി<br>ശ്രീ. പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | പെരുമ്പാവൂർ ഒക്കൽ ഗ്രാമപഞ്ചായത്തിലെ കുന്നക്കാട്ടുമല സ്വദേശികളായ 200 നടുത്ത് ഗാർഹിക ഉപഭോക്താക്കൾ വാട്ടർ അതോറിറ്റി വിതരണം ചെയ്ത ഉപയോഗയോഗ്യമല്ലാതിരുന്ന ജലത്തിന്റെ വില അടക്കുന്നതിൽ നിന്നും ഒഴിവാക്കുന്നതിന് നൽകിയ അപേക്ഷ പരിഗണനയിലുണ്ടോ; | (എ) | പരിഗണനയിലില്ല. പ്രസ്തുത പദ്ധതിയിൽപ്പെട്ട കിണറിൽ നിന്നും എടുക്കുന്ന വെള്ളത്തിൽ ബ്ലീച്ചിംങ്ങ് പൗഡർ ചേർത്ത് ക്ലോറിനേഷൻ നടത്തി ശുദ്ധീകരിച്ച വെള്ളമാണ് വിതരണം ചെയ്തിരുന്നത്. |
| (ബി) | പണമടക്കാനുള്ളവരുടെയും കുടിശ്ശിക തുകയുടെയും വിശദവിവരം അറിയിക്കുമോ; | (ബി) | കുടിശ്ശികയുള്ള ഉപഭോക്താക്കളുടെ ലിസ്റ്റ് ഇതോടൊപ്പം ചേർക്കുന്നു. |
| (സി) | മലിനജലത്തിന്റെ പണം അടക്കുന്നതിൽനിന്നും പ്രസ്തുത ഉപഭോക്താക്കളെ ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ; | (സി) | ശുദ്ധീകരിച്ച ജലമാണ് വിതരണം ചെയ്തിരുന്നത് എന്നത് കൊണ്ട് നിലവിലുള്ള നിയമങ്ങൾക്കനുസൃതമായി പണം അടയ്ക്കുന്നതിൽ നിന്നും പ്രസ്തുത ഉപഭോക്താക്കളെ ഒഴിവാക്കാൻ സാധ്യമല്ല. |
| (ഡി) | പൂർത്തിയായ നബാർഡ് കുടിവെള്ള പദ്ധതിയിൽ നിന്ന് കുന്നക്കാട്ടുമല നിവാസികൾക്ക് പുതിയ കണക്ഷൻ അനുവദിക്കുമോ; കുടിശ്ശിക ഒഴിവാക്കി പുതിയ കണക്ഷൻ നൽകാനാവില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ? | (ഡി) | നബാർഡ് പദ്ധതിയിൽ നിന്നും ഈ ഭാഗത്തേയ്ക്ക് കണക്ഷൻ അനുവദിക്കുന്നുണ്ട്. കുടിശ്ശിക ഗഡുക്കളായി അടയ്ക്കാൻ അനുവാദം നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**